## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 341** — **23/08/2017-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീമതി സി.കെ. ആശ**<br>**ശ്രീ.സി. ദിവാകരൻ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരിക്കുമ്പോൾ എത്ര ശാഖകൾ ഉണ്ടാകണമെന്നാണ് ശ്രീറാം കമ്മറ്റി ശിപാർശ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുമ്പോൾ അടുത്ത 5 (അഞ്ച്) വർഷത്തിനകം പുനർഘടനയിലൂടെ ഒരു ജില്ലയിൽ ശാഖകളുടെ എണ്ണം 15 എണ്ണമോ 20 എണ്ണമോ ആയി നിജപ്പെടുത്തണമെന്ന് ശ്രീറാം കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലുള്ള സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളുടെ എണ്ണം ഗണ്യമായി കുറയുമ്പോൾ അധികമായി വരുന്ന ജീവനക്കാരോടുള്ള സമീപനം വ്യക്തമാക്കുമോ; | (ബി) നിലവിലുള്ള സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ശാഖകളായി മാറുന്നതാണ്. ശാഖകൾ നിലനിർത്തുന്നത് സംബന്ധിച്ച് ജീവനക്കാരുടെ താൽപര്യത്തെ ദോഷകരമായി ബാധിക്കാത്ത സമീപനമായിരിക്കും സ്വീകരിക്കുന്നത്. |
| (സി) | കേരള ബാങ്കിന്റെ ശാഖകൾ നഗര കേന്ദ്രീകൃതമായിരിക്കുമോ എന്നറിയിക്കാമോ; പ്രാഥമിക ബാങ്കുകളുമായി കേരള ബാങ്ക് ശാഖകൾ മത്സരിക്കുന്ന സാഹചര്യം ഒഴിവാക്കുമോ; വ്യക്തമാക്കുമോ; | (സി) നിലവിലുള്ള സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ശാഖകളായി മാറുന്നതാണ്. നിലവിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ പൂർണ്ണമായും നഗര കേന്ദ്രീകൃതമല്ല. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ശാഖകൾ പ്രാഥമിക ബാങ്കുകളുമായി നേരിട്ട് മത്സരിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ശ്രീറാം കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | കേരള ബാങ്കിന്റെ ഭരണസമിതിയെക്കുറിച്ചും അതിന്റെ ഘടനയെക്കുറിച്ചുമുള്ള വിശദാംശങ്ങൾ നൽകുമോ? | (ഡി) ശ്രീറാം കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പൊതുജനാഭിപ്രായം ലഭിച്ചശേഷം മാത്രമേ കേരള സഹകരണ ബാങ്കിന്റെ ഭരണ സമിതിയെക്കുറിച്ചും അതിന്റെ ഘടന എപ്രകാരമായിരിക്കണമെന്നതിനെ സംബന്ധിച്ചും തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

സെക്ഷൻ ഓഫീസർ